LIBRARY ARCHIVES Kerala Legislative Assembly

## സർക്കാരിന്റെ വിവിധ വകുപ്പുകൾവഴി നേരിട്ടും ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വഴിയും നൽകിയ പരസ്യങ്ങൾ

൨൦ (൨൦) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ 20 വരെ സർക്കാരിന്റെ വിവിധ വകുപ്പുകൾവഴി നേരിട്ടും ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വഴിയും നൽകിയ പരസ്യങ്ങൾ എത്രയാണ് ; ഇതിൽ നൂറുദിന പരിപാടിയുടെ ഭാഗമായിട്ടുള്ള പരസ്യച്ചെലവ് എത്ര ;

(ബി) ഈ പരസ്യങ്ങൾക്കെല്ലാമായി മൊത്തം എന്തു തുക ചെലവ് വരും ; ഇതിനകം എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ചാനലുകൾക്ക് നൽകിയ പരസ്യങ്ങളുടെ ചെലവ് എത്ര ; ദിനപ്പത്രങ്ങൾക്ക് നൽകിയ പരസ്യങ്ങളുടെ ചെലവ് എത്ര ; അല്ലാതെയുള്ള മൊത്തം പരസ്യങ്ങളുടെ ചെലവ് എത്ര ;

(ഡി) പരസ്യങ്ങൾ നൽകുന്നതിനായി ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പിന് ഒരു വർഷത്തേക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ?

### ഉത്തരം

(എ-സി) വിവിധ വകുപ്പുകൾ നേരിട്ട് നൽകിയ പരസ്യങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 110 പരസ്യങ്ങളുടെ ചെലവ് ഈ വകുപ്പിന്റെ ഫണ്ടിൽ നിന്നും നേരിട്ടും നൽകേണ്ടതുണ്ട്. ഈയിനത്തിൽ ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2011-12 സാമ്പത്തിക വർഷത്തിൽ പരസ്യങ്ങൾ നൽകുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

2220-60-101-99-(P) പ്രദർശന പരസ്യം

Budget Allotment 3 കോടി 90 ലക്ഷം

Advance from "8000 Contingency fund" 12 കോടി

ആകെ : 15 കോടി 90 ലക്ഷം

2220-60-101-97-01 (എൻ) - അച്ചടിമാധ്യമം - 2 കോടി

2220-60-101-97-02(എൻ) - ഇലക്ട്രോണിക് മാധ്യമം - 2 കോടി